ഭരണഭാഷ – മാതൃഭാഷ

കളക്ടറേറ്റ്,തൃശ്ശൂർ
പിൻകോഡ്–680003

ടെലിഫോൺ നമ്പർ–0487–2239530

Website–www.thrissur.nic.in

email–tsrcoll.ker@nic.in

---

**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**

**(ഹാജർ:– ഷാനവാസ് എസ്., ഐ.എ.എസ്.)**

വിഷയം: –RFCTLARR Act 2013– ഭൂമി ഏറ്റെടുക്കൽ ചാലക്കുടി താലൂക്ക് – വടമ വില്ലേജ് മാള സിനഗോഗിലേക്ക് നേരിട്ടുള്ള വഴി നിർമ്മാണം – സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് – വിദഗ്ധ സമിതി റിപ്പോർട്ട് – സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

സൂചന:
1. മുസിരീസ് പ്രോജക്ട്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ മാനേജിംഗ് ഡയറക്ടറുടെ 13/04/2018 ലെ MHP No. 196/17 നമ്പർ കത്തും അർത്ഥനയും
2. ഈ കാര്യാലയത്തിലെ 16/06/2018 ലെ ഇ 5/7208/18 നമ്പർ നടപടിക്രമം.
3. മുസിരീസ് പ്രോജക്ട്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ മാനേജിംഗ് ഡയറക്ടറുടെ 06/05/2019 ലെ MHP No. 196/2017 നമ്പർ കത്തും അർത്ഥനയും
4. ഈ കാര്യാലയത്തിലെ 02/02/2019 ലെ ഇതേ നമ്പർ നടപടിക്രമം.
5. 20/05/2019 ലെ വാല്യം നം.8, 1196 നമ്പർ കേരളഗസറ്റ് അസാധാരണം വിജ്ഞാപനം
6. 15/07/2019 ൽ YSSO, കോതമംഗലം സമർപ്പിച്ച SIA അന്തിമ പഠന റിപ്പോർട്ട്.
7. ഈ കാര്യാലയത്തിലെ 24/08/2019 ലെ ഇതേ നമ്പർ നടപടിക്രമം.
8. 23/09/2019 ലെ വിദഗ്ധ സമിതി റിപ്പോർട്ട്.

**ഉത്തരവ് നമ്പർ :–DCTSR/2479 /2018–E5** **തീയതി:21/11/2019**

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക്, വടമ വില്ലേജിൽ ഉൾപ്പെട്ട 0.0215 ഹെക്ടർ ഭൂമി മാള സിനഗോഗിലേക്കുള്ള നേരിട്ടുള്ള വഴി നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം അർത്ഥനയും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, തൃശ്ശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതുമാണ്. സൂചന(1) പ്രകാരമുള്ള അർത്ഥനയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വെ സബ്ഡിവിഷൻ നമ്പറിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയതിനാൽ വടമ വില്ലേജ് സർവേ നംപർ 575/1 ൽ ഉൾപ്പെട്ട 0.0215 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സൂചന(3) പ്രകാരം ഭേദഗതി വരുത്തിയ അർത്ഥന സമർപ്പിച്ചിട്ടുള്ളതാണ്.

RFCTLARR Act 2013, വകുപ്പ് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ടി ആക്ട് വകുപ്പ് (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹിക ആഘാതപഠനം നടത്തുന്നതിനായി, YSSO, കോതമംഗലം എന്ന യൂണിറ്റിനെ സൂചന (4) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ടുള്ള, RFCTLARR ചട്ടം 11(3) പ്രകാരമുള്ള 4(1) വിജ്ഞാപനം സൂചന (5) പ്രകാരം കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പദ്ധതി പ്രദേശത്തെ സംബന്ധിച്ച സാമൂഹിക ആഘാത പഠന റിപ്പോർട്ട്, മേൽപറഞ്ഞ യൂണിറ്റ് സൂചന (6) പ്രകാരം സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന (7) പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി വിദഗ്ധ സമിതിയിൽ ഡോ. ജോർജ്ജ് അലക്സ്, അസോസിയേറ്റ് പ്രൊഫസർ, ചരിത്ര വിഭാഗം, സെന്റ് തോമസ് കോളേജ് തൃശ്ശൂർ(സാമൂഹിക ശാസ്ത്രജ്ഞൻ) എന്നവരെ ചെയർപേഴ്സണായും ഡോ. രമ്യ ആർ, അസി. പ്രൊഫ. ഗവ.കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ (സാമൂഹിക ശാസ്ത്രജ്ഞ), ശ്രീ. പി.എസ്. സുരേന്ദ്രൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ(പുനരധിവാസപ്രവർത്തന വിദഗ്ധൻ), ശ്രീ. രാമചന്ദ്രൻ ടി.സി., റിട്ട. ഡെപ്യൂട്ടി കളക്ടർ(പുനരധിവാസപ്രവർത്തന വിദഗ്ധൻ), ശ്രീ. എം.കെ. ജോസഫ്, റിട്ട. ഡെപ്യൂട്ടി കളക്ടർ (അർത്ഥനാധികാരി നാമനിർദ്ദേശം ചെയ്ത സാങ്കേതിക വിദഗ്ധൻ ), ശ്രീ. പി.കെ. സുകുമാരൻ പ്രസിഡന്റ്, മാള ഗ്രാമപഞ്ചായത്ത്(പഞ്ചായത്ത് പ്രധിനിധി), രാധ ഭാസ്കരൻ, മെമ്പർ, മാള ഗ്രാമപഞ്ചായത്ത്(പഞ്ചായത്ത് പ്രധിനിധി) എന്നിവരെ സമിതി അംഗങ്ങളായും നിയോഗിച്ചിട്ടുള്ളതാണ്.

വിദഗ്ധ സമിതി സൂചന (8) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന വിലയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

1)ചരിത്രസ്മാരകമായ മാള സിനഗോഗിന്റെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും അനുബന്ധസ ടൂറിസവികസനത്തിനും തന്മൂലം മാളയുടെ സമഗ്രപുരോഗതിക്കും വേണ്ടി സിനഗോഗിനും കിഴക്കുഭാഗത്തുള്ള PWD റോഡിനുമിടയിലുള്ള ഏകദേശം 215 ച.മീ. (0.0215 ഹെക്ടർ) വിസ്തീർണമുള്ള ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യവും നിർദ്ദിഷ്ട പദ്ധതിക്കാവശ്യമായ മിനിമം സ്ഥലം (absolute bare minimum for the project) മാത്രവുമാണിത്.

2)ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കമുള്ള സിനഗോഗുകളിൽ ഒന്നായ മാള സിനഗോഗ് മുൻവശത്ത് നിന്ന് പ്രവേശനകവാടം ഇല്ലാത്ത ഇന്ത്യയിലെ ഏക സിനഗോഗ് ആണെന്ന പോരായ്മ ഇതുമായി ബന്ധപ്പെട്ട ടൂറിസ സാധ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും മാളയിലെ യഹൂദ സമുദായം ഒന്നടങ്കം ഇസ്രായേലിലേക്ക് കുടിയേറിയതിനെ തുടർന്ന് അടച്ചുപൂട്ടിയ മുൻപിലെ പ്രവേശനകവാടം നിർദ്ദിഷ്ട പദ്ധതിയിലൂടെ പുനഃസ്ഥാപിക്കുന്നത് പൈതൃക ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്ന നടപടിയായതുകൊണ്ടും ഈ പദ്ധതി പൊതുആവശ്യം(Public Purpose) തന്നെയാണ്.

3)ചാലക്കുടി താലൂക്ക്, വടമ വില്ലേജ് സർവ്വെ നമ്പർ 575/1 ൽ ഉൾപ്പെട്ട ടി സ്ഥലം എട്ട് ഉടമസ്ഥരുടെ വകയായി അടുത്തടുത്ത് കിടക്കുന്ന 8 പ്ലോട്ടുകളായി സ്ഥിതിചെയ്യുന്നതിൽ ഏഴെണ്ണം കച്ചവടസ്ഥാപനങ്ങളാണ്. ഏറ്റെടുക്കുന്ന സ്ഥലത്തെ കെട്ടിടങ്ങളുടെ കച്ചവടത്തെ ആശ്രയിച്ചു കഴിയുന്ന ഏതാനും വ്യക്തികളുടെ ഉപജീവന മാർഗ്ഗത്തെയും ഏറ്റെടുക്കുന്ന നടപടി പ്രതികൂലമായി വ്യാപിക്കുന്നതാണ്. സ്ഥലമേറ്റെടുക്കൽ മൂലമുണ്ടാകുന്ന സാമൂഹിക ആഘാതത്തെ നേരിടുന്നതിന് RFCTLARR Act 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം മതിയാകുമെന്നും അത് യഥാസമയം നൽകണമെന്നുള്ള SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് വിദഗ്ധ സമിതി യോജിക്കുന്നു.

മാളയിൽ ശ്രദ്ധേയമായ ടൂറിസവികസനവും വാണിജ്യപുരോഗതിയും അടിസ്ഥാന സൗകര്യവികസനവും ഉണ്ടാകുമെന്ന SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് വിദഗ്ധ സമിതി

യോജിക്കുന്നുവെന്നും ടി പദ്ധതിയുടെ നേട്ടങ്ങൾ നഷ്ടത്തേക്കാൾ വളരെ അധികമായതിനാൽ ആഘാതബാധിതർക്ക് ഭൂമി ഏറ്റെടുക്കുന്നത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ച് 'RFCTLARR Act 2013' പ്രകാരം ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് വിദഗ്ധസമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക് വടമ വില്ലേജ് സർവ്വെനം. 575/1 ൽ ഉൾപ്പെട്ട 0.0215 ഹെക്ടർ ഭൂമി മാള സിനഗോഗിലേക്ക് നേരിട്ടുള്ള വഴിക്കുവേണ്ടി ഏറ്റെടുക്കുന്നതിന് RFCTLARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ്, വകുപ്പ് 8 ലെ 3–ാം ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്

DISTRICT COLLECTOR

സ്വീകർത്താവ്:

മാനേജിംഗ് ഡയറക്ടർ,മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ– 680663

പകർപ്പ്:

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, തൃശ്ശൂർ.(ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതിവിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർനടപടികൾക്കുമായി)